ഇ-മെയിൽ / ഫാക്സ്
**അടിയന്തിരം**

എസ്.എ(1) 41532/10

കൃഷി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി - 06/05/14

കൃഷി ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർക്കും

സർ,

വിഷയം - കൃഷി വകുപ്പ് - എസ്റ്റാബ്ലിഷ്മെന്റ് - യു.ഡി.സി. തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം നല്കിയിരുന്നത് - പട്ടികജാതി - പട്ടിക വർഗ്ഗത്തിൽപ്പെട്ട ജീവനക്കാരുടെ താത്കാലിക സ്ഥാനക്കയറ്റം - അക്കൌണ്ട് ടെസ്റ്റ് യോഗ്യത നേടിയ വിവരം ആരായുന്നതു- സംബന്ധിച്ച്

സൂചന -
1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ 11-11-2013 ലെ എസ്. എ (1)41532/10 നമ്പർ ഉത്തരവ്.
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ 19-03-2014 ലെ എസ്. എ (1)41532/10 നമ്പർ ഉത്തരവ്.
3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ 23 .04.2014 തീയതിയിലെ എസ്. എ (1)37405/13 നമ്പർ ഉത്തരവ്

മേൽ സൂചന (2) ലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കൃഷി വകുപ്പിലെ എൽ.ഡി.ക്ലാർക്കുമാർക്ക് സീനിയർ ക്ലാർക്കുമാരായി (യു.ഡി.സി.) 01-04-2006 മുതൽ 18-12-2012 വരെയുള്ള ഒഴിവുകളിൽ ഉദ്യോഗക്കയറ്റം നല്കി ഉത്തരവായിരുന്നു. ടി ഉത്തരവിൽ ഉദ്യോഗക്കയറ്റത്തിന് നിശ്ചിത പരീക്ഷാ യോഗ്യത നേടാൻ കഴിയാത്തവരും എന്നാൽ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയിരുന്നവരുമായ പട്ടികജാതി - പട്ടികവർഗ്ഗക്കാർക്ക് കെ.എസ്. & എസ്. എസ്. ആർ റൂൾ 13 എ(1)എ, 13 എ (2) എന്നിവ പ്രകാരം താല്കാലികമായി സീനിയർ ക്ലാർക്കായി ഉദ്യോഗക്കയറ്റം നല്കിയിരുന്നു. ഉദ്യോഗക്കയറ്റം നല്കിയ തീയതി മുതൽ 3 വർഷത്തിനകം ഇവർ അക്കൌണ്ട് ടെസ്റ്റ് യോഗ്യത നേടിയിരിക്കണമെന്നും പ്രസ്തുത സമയത്തിനുള്ളിൽ ടി യോഗ്യത നേടാത്തവരെ ഉദ്യോഗക്കയറ്റത്തിൽ നിന്നും തരംതാഴ്ത്തുമെന്നുമുള്ള നിലവിലുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ഇവർക്ക് താല്കാലികമായി ഉദ്യോഗക്കയറ്റം നല്കിയിരുന്നത്.

മേൽ സൂചിത ഉദ്യോഗക്കയറ്റ ഉത്തരവിൽ താല്കാലികമായി സീനിയർ ക്ലാർക്കായി ഉദ്യോഗക്കയറ്റം നല്കപ്പെട്ട താഴെപ്പറയുന്ന ജീവനക്കാർ ഉദ്യോഗക്കയറ്റം നല്കപ്പെട്ട തീയതിമുതൽ മൂന്നു വർഷം പ്രസ്തുത തസ്തികയിൽ പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നു. ഇവർ നിശ്ചിത സമയത്തിനുള്ളിൽ അക്കൌണ്ട് ടെസ്റ്റ് യോഗ്യത നേടിയിട്ടുണ്ടോ എന്ന് അറിയിക്കുന്നതിനായി ബന്ധപ്പെട്ട നിയമനാധികാരികൾക്കും മേലധികാരികൾക്കും സൂചന (3) പ്രകാരം നിർദ്ദേശം നല്കിയിരുന്നു.

| ക്രമ നമ്പർ | സീനിയർ ക്ലാർക്കിന്റെ പേര്/ ഓഫീസ് | ഉദ്യോഗ ക്കയറ്റ ലിസ്റ്റിലെ ക്രമ നമ്പർ | ഉദ്യോഗക്കയ റ്റം നല്കിയിരുന്ന തീയതി | പരീക്ഷ വിജയിക്കേണ്ടി യിരുന്ന അവസാന തീയതി |
|---|---|---|---|---|
| 1. | **രജനി.വി.കെ,** പ്രിൻസിപ്പൽ കൃഷി ആഫീസ്, എറണാകുളം | 82 | 01/06/2007 | 31/05/2010 |
| 2. | **സുബ്രഹ്മണ്യൻ പൈലൻ,** കൃഷി ഭവൻ, പിലിക്കോട്, കാസർഗോഡ് | 198 | 01/12/2008 | 31/11/2011 |
| 3. | **ജയരാജ്.പി.ആർ.** പ്രിൻസിപ്പൽ കൃഷി ആഫീസ്, ആലപ്പുഴ | 215 | 31/01/2009 | 30/01/2012 |
| 4. | **സതീഷ് പൊട്ടിക്കയ്യിൽ** അസിസ്റ്റന്റ് ഡയറക്ടറാഫീസ് (അഗ്രി.), മഞ്ചേരി, മലപ്പുറം | 217 | 01/02/2009 | 31/01/2012 |
| 5. | **ശ്രീകാന്ത്.പി.ആർ** ജില്ലാ മണ്ണ് പരിശോധനാ ശാല, പത്തനംതിട്ട | 243 | 01/04/2010 | 31/03/2013 |
| 6. | **അരവിന്ദാക്ഷൻ.സി.കെ** പ്രിൻസിപ്പൽ കൃഷി ആഫീസ്, മലപ്പുറം | 305 | 10/05/2011 | 09/05/2014 |
| 7. | **ദേവി.വി.** പ്രിൻസിപ്പൽ കൃഷി ആഫീസ്, വയനാട് | 314 | 10/05/2011 | 09/05/2014 |
| 8. | **ജയപ്രകാശ്.വി.** പ്രിൻസിപ്പൽ കൃഷി ആഫീസ്, പത്തനംതിട്ട | 315 | 10/05/2011 | 09/05/2014 |
| 9. | **ജിജോ വർഗ്ഗീസ്.** ജില്ലാ കൃഷിത്തോട്ടം, നേരിയമംഗലം, എറണാകുളം | 318 | 10/05/2011 | 09/05/2014 |

മേൽ പറഞ്ഞ ജീവനക്കാരിൽ നിശ്ചിത സമയത്തിനുള്ളിൽ ടെസ്റ്റ് യോഗ്യത നേടിയവരുടെ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം വിവരം ഫാക്സ്/ഇ-മെയിൽ മുഖേന റിപ്പോർട്ട് ചെയ്യേണ്ടതാണ്. **യഥാസമയം ടെസ്റ്റ് യോഗ്യത നേടാത്തവരുടെ വിവരം പ്രത്യേകം രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്**. ഏത് തീയതി മുതൽ പ്രാബല്യം വച്ച് സ്ഥാനക്കയറ്റം നല്കിയിരുന്നുവോ ടി തീയതി മുതൽ 3 വർഷത്തിനകം നിർദ്ദിഷ്ട ടെസ്റ്റ് യോഗ്യത നേടാൻ കഴിയാതെ പോയ സീനിയർ ക്ലാർക്കുമാരെ അവർക്ക് നല്കിയ ഉദ്യോഗക്കയറ്റം റദ്ദ് ചെയ്യുന്നതിനുള്ള നടപടി ഈ ആഫീസിൽ നിന്നും കൈക്കൊള്ളുന്നതായിരിക്കും. ഇവരെ സീനിയർ ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതുമായിരിക്കും.

സീനിയർ ക്ലാർക്കുമാരുടെ താത്കാലിക സീനിയോറിറ്റി ലിസ്റ്റ് അടിയന്തിരമായി പ്രസിദ്ധീകരിക്കേണ്ടതിനാൽ ആവശ്യപ്പെട്ട വിവരം ഇ-മെയിൽ /ഫാക്സ് മുഖേന റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ

sd/-

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

കോപ്പി-

1. സൂപ്രണ്ട്, ഡി.എ.എഫ്., നേരിയമംഗലം
2. ഡി.ഡി.എ (ഐ.റ്റി. സെൽ) - കൃഷി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
3. **എസ്. എ.(3) സീറ്റ്**
   (മേൽ സൂചിത ഉദ്യോഗക്കയറ്റ പട്ടികയിൽ ഉൾപ്പെട്ട കൃഷി ഡയറക്ടറാഫീസിലെ/ഹെഡ്ക്വാർട്ടേഴ്സിലെ ബന്ധപ്പെട്ട ജീവനക്കാരുടെ വിശദാംശങ്ങൾ യഥാ സമയം നല്കേണ്ടതാണ്.)

9/5/14
Senior Superintendent
SA Section
Directorate of Agriculture
Thiruvananthapuram - 33